**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2306** **05-02-2026 - ൽ മറുപടിയ്ക്ക്**

**ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളിലെ സർവീസ് സംബന്ധമായ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സബോർഡിനേറ്റ് സർവീസ് റൂൾസ് - 2022 നിലനിൽക്കെ സ്ഥാനകയറ്റങ്ങൾക്കും മറ്റു കാര്യങ്ങൾക്കും മുൻകാല സ്പെഷ്യൽ റൂളുകൾ ആണോ മാനദണ്ഡമാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസ് ജീവനക്കാർക്കായി 27.10.2022 തീയതിയിലെ G.O.(P) No.75/2022/LSGD പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സ്പെഷ്യൽ റൂളിലെ റൂൾ 12(1), (2) വ്യവസ്ഥകൾക്ക് വിധേയമായി ടി ജീവനക്കാരുടെ സീനിയോറിറ്റി, സ്ഥാനക്കയറ്റം, ബൈടാൻസ്ഫർ നിയമനം എന്നിവ മുൻ വകുപ്പുകളിലെ ചട്ടങ്ങൾ പ്രകാരമാണ് സംരക്ഷിച്ചിട്ടുള്ളത്. |
| (ബി) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൻ കീഴിൽ മുൻ ഗ്രാമവികസന വകുപ്പിലെ സെക്രട്ടറി തസ്തികയിലേക്കുള്ള നിയമനം 2008 ലെ ഗ്രാമവികസന വകുപ്പിലെ സബോർഡിനേറ്റ് സർവീസ് റൂൾസ് പ്രകാരമുള്ള ഡിഗ്രി യോഗ്യത ഇല്ലാത്തതിനാൽ തടഞ്ഞു വച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; | (ബി) | മുൻ ഗ്രാമവികസന വകുപ്പിലെ സെക്രട്ടറി എൽഎസ്ജിഐ കാറ്റഗറിയിലുള്ള (മുൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി) സ്ഥാനക്കയറ്റത്തിന് GO(P) No. 44/2011/LSGD തീയതി 16/2/2011 പ്രകാരം ഡിഗ്രി യോഗ്യത ആവശ്യമാണ്. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 27/10/2022 ലെ G.O.(P) No. 74/2022/LSGD പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സ്പെഷ്യൽ റൂളിലെ റൂൾ 12 (2) പ്രകാരം നിലവിലുണ്ടായിരുന്ന വകുപ്പുകളിലെ ജീവനക്കാർക്ക് നിലവിലുണ്ടായിരുന്ന സ്പെഷ്യൽ റൂളാണ് ബാധകമായിട്ടുള്ളത്. ആയത് പ്രകാരം ഡിഗ്രി യോഗ്യതയുള്ള ജീവനക്കാരുടെ ഡിപിസി ലിസ്റ്റ് തയ്യാറാക്കി സ്ഥാനക്കയറ്റം നൽകിവരുന്നതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വകുപ്പ് ഏകീകരണത്തിന്റെ ഭാഗമായി ട്രാൻസ്ഫറായി വരുന്ന ജീവനക്കാർക്ക് സർക്കാർ ജീവനക്കാരുടെ സർവീസ് സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സ്പാർക്ക് സോഫ്റ്റ്‌വെയർ അനുവദിക്കാത്ത പ്രശ്നം | (സി) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും ശമ്പള വിതരണം തടസ്സമില്ലാതെ നടക്കുന്നതിനു വേണ്ടിയും സ്പാർക്കുമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങൾ പരിശോധിക്കുന്നതിനു വേണ്ടിയും 5 അംഗ കമ്മിറ്റിയെ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.<br>പ്രസ്തുത കമ്മിറ്റി 4 പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | | പ്രസ്തുത വിഷയം ധനകാര്യ വകുപ്പിൽ പരിശോധിച്ചു വരുന്നു. |
| (ഡി) | സ്പാർക്ക് അനുവദിക്കാത്തത് മൂലം ടി ജീവനക്കാരുടെ ശമ്പളം തടസപ്പെടുന്നത് ഉൾപ്പെടെയുള്ള സർവീസ് സംബന്ധമായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിൻമേൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; | (ഡി) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും ശമ്പള വിതരണം തടസ്സമില്ലാതെ നടക്കുന്നതിനു വേണ്ടിയും സ്പാർക്കുമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങൾ പരിശോധിക്കുന്നതിനു വേണ്ടിയും 5 അംഗ കമ്മിറ്റിയെ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി 4 പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. പ്രസ്തുത വിഷയം ധനകാര്യ വകുപ്പിൽ പരിശോധിച്ചു വരുന്നു. |
| (ഇ) | ബ്ലോക്കിലും തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് തുടങ്ങിയ മറ്റു സ്ഥാപനങ്ങളിലേക്കും ട്രാൻസ്ഫറായി വരുന്ന ജീവനക്കാർക്ക് സ്പാർക്ക് അനുവദിക്കാത്തതുമൂലം ശമ്പളം ലഭിക്കുന്നതിനായി ഓരോ മാസവും ജോലി ചെയ്തതായുള്ള സാക്ഷ്യപത്രം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ഇ) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും ശമ്പള വിതരണം തടസ്സമില്ലാതെ നടക്കുന്നതിനു വേണ്ടിയും സ്പാർക്കുമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങൾ പരിശോധിക്കുന്നതിനു വേണ്ടിയും 5 അംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം ധനകാര്യ വകുപ്പിൽ പരിശോധിച്ചു വരുന്നു. |
| (എഫ്) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലെ എക്സ്റ്റൻഷൻ ഓഫീസറുടെ (പഴയ വി. ഇ. ഒ. ) ഇന്റർ ട്രാൻസ്ഫറബിലിറ്റി അനുവദിക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (എഫ്) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലെ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലെ (പഴയ വി.ഇ.ഒ.) ജീവനക്കാർക്ക് ഇന്റർ ട്രാൻസ്ഫറബിലിറ്റി അനുവദിക്കുന്ന വിഷയം സർക്കാരിൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ